## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1290 04.12.2014-ൽ മറുപടി

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് 2,92,012 അപേക്ഷകളാണ് ലഭിച്ചിരുന്നത്. 01.02.2014 മുതൽ 31.03.2014 വരെ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയതിൻ പ്രകാരം 67,281 അപേക്ഷകൾ കൂടി കിട്ടിയിട്ടുണ്ട്. ഇപ്രകാരം ആകെ 3,59,293 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | അപേക്ഷിച്ചവരിൽ എത്രപേർക്ക് ഇതിനകം ഭൂമി നൽകുകയുണ്ടായി; സർക്കാർ നൽകിയ ഭൂമിയിൽ വീട് വെച്ച് താമസം നടത്തിയവർ എത്ര; | ഒന്നാം ഘട്ടമായി 36,491 പേർക്ക് ഭൂമി അനുവദിച്ചിരുന്നു. ചട്ടപ്രകാരം ഇവർക്ക് ഭൂമിയുടെ കൈവശം വിട്ട് കൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ഭൂമി ലഭിച്ചവരിൽ 201 പേർ ഇതിനകം വീട് പണി ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്പോഴും ഭൂമി ഇല്ലാതെ അവശേഷിക്കുന്നവർ എത്രയാണ്; ഇവർക്കെല്ലാം ഏത് തീയതിക്കകം ഭൂമി നൽകാനാണുദ്ദേശിക്കുന്നത്; | നിലവിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം ഉദ്ദേശം 2 ലക്ഷത്തിൽപരം ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനുണ്ട്. കൂടാതെ 01.02.2014 മുതൽ 31.03.2014 വരെ ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടന്നുവരികയാണ്. 2015 അവസാനത്തോട് കൂടി അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാവശ്യമായ ഭൂമി എത്ര ഏക്കറായിരുന്നു; ഇതിനകം എത്ര ഏക്കർ ഭൂമി ലഭിക്കുകയുണ്ടായി? | പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഉദ്ദേശം 10,000 ഏക്കർ ഭൂമി ആവശ്യമുണ്ടെന്ന് കണക്കാക്കുന്നു. 36,491 പേർക്ക് മൂന്ന് സെന്റ് വീതം പട്ടയം വിതരണം ചെയ്തു. ഒന്നാം ഘട്ടത്തിൽ കണ്ടെത്തി പ്ലോട്ട് തിരിച്ച എല്ലാ ഭൂമിയും വിതരണം ചെയ്തിട്ടില്ല. ശേഷിക്കുന്ന ഗുണഭോക്താക്കൾക്കുള്ള ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ച് വരുന്നു. സർവ്വെ പ്രവർത്തനം കൂടി പൂർത്തിയായാൽ മാത്രമേ ലഭ്യമായിട്ടുള്ള ഭൂമിയുടെ കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ. |

C.U.V.Kumar

**സെക്ഷൻ ഓഫീസർ**